LIBRARY ARCHIVES Kerala Legislative Assembly

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട്ടൈം ശാന്തി തസ്തികയിലേക്ക് 30 പേർക്കും കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേയ്ക്ക് 14 പേർക്കും ഈഴവ സമുദായമുൾപ്പെടെയുള്ള മറ്റ് പിന്നാക്ക സമുദായങ്ങളിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി തസ്തികയിലേക്ക് 152 പേർക്കും കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേക്ക് 98 പേർക്കും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്.

### ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടൽ

12(*40) ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തേണ്ടതിന്റെയും ജലസംരക്ഷണ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തൽ, ജലസംരക്ഷണം എന്നിവയ്ക്കായി പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തുന്നതിനും ജലസംരക്ഷണത്തിനും അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) രണ്ട് പ്രളയങ്ങൾക്ക് ശേഷം നദികളിലടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പരിപാടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളേയും ജലവിഭവ പരിപാലനവുമായി ബന്ധപ്പെട്ട വകുപ്പുകളെയും ഏജൻസികളെയും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

---

* നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളേയും ജലവിഭവ പരിപാലനവുമായി ബന്ധപ്പെട്ട വകുപ്പുകളെയും ഏജൻസികളെയും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ച് ജലസ്രോതസ്സുകളുടെ ഉറവിടം മെച്ചപ്പെടുത്തുന്നതിനും സംരക്ഷണത്തിനുമായുള്ള പദ്ധതികൾ നിലവിലില്ല. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന നൂതന സാങ്കേതികവിദ്യകൾ പഠനം നടത്തി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്.

(ഡി) 2018-ലെ മഹാപ്രളയം, 2019-ലെ പ്രളയം എന്നിവയെത്തുടർന്ന് തടസ്സപ്പെട്ട ജലസ്രോതസ്സുകളിലെ നീരൊഴുക്ക് വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## സമുദ്രസമ്പത്തിന്റെ വാണിജ്യ ചൂഷണം

13 (*41) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. വി. സുമേഷ്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ സമുദ്രസമ്പത്ത് അന്താരാഷ്ട്ര കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കുന്ന തരത്തിൽ സമുദ്ര സമ്പത്തിന്റെ വാണിജ്യ ചൂഷണത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഈ നടപടി മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുമെന്ന മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിശോധിക്കുമോ;

(സി) പ്രസ്തുത നടപടി തീരദേശവാസികളുടെ ജീവനോപാധിക്ക് ഭീഷണിയാകുമെന്ന് ആശങ്കയുള്ള സാഹചര്യത്തിൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തിയതിനുശേഷം മാത്രം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

---

* നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്